*എ.ആർ.ശശികുമാർ ഐ.എഫ്.എസ്.*
*ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.*
**(ഫുൾ അഡീഷണൽ ചാർജ്ജ്)**

*ഓഫീസ് ഓഫ് ദി*
*ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ*
*ചാലക്കുടി Pin : 680 307*
*☎:0480 2701340 (O)*
*☎(mobile):9447979052*
*Email dfochdy@asianetindia.com*
*forestckd@bsnl.in*

---

നം. സിസി6- 6220/2011 തീയതി 19.11.2011

## <u>ലേല പരസ്യം</u>

ചാലക്കുടി വനം ഡിവിഷനിൽപെട്ട താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽ പെട്ട തൊണ്ടി വകകൾ താഴെ പട്ടികയിൽ കാണിച്ചിട്ടുള്ള തീയതികളിൽ രാവിലെ 11 മണിയ്ക്ക് അതാത് റെയിഞ്ച് ഓഫീസുകളിൽ വെച്ച് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ വനം വകുപ്പിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും. 14.12.2010 ലെ 49-ാം നമ്പർ കേരള ഗസറ്റിൽ പേജ് നമ്പർ 608 ലെ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച തിരുവനന്തപുരം സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 2.12.2010 ലെ പ്രൊ(5) 5628/2010 നമ്പർ ലേല വിജ്ഞാപന പ്രകാരമുള്ള വിശദമായ ദർഘാസ്/ലേല വ്യവസ്ഥകൾക്കും അതാതു സമയത്തു നിലവിലുള്ള മറ്റു നിയമങ്ങൾക്കും വിധേയമായി ദർഘാസ്/ലേല അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ബാധകമാകുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഈട്ടി, തേക്ക് എന്നിവയ്ക്ക് 20,000 രൂപയും മറ്റ് തടികൾക്ക് 10,000 രൂപ എന്ന നിരക്കിലും നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ പിടിച്ചതും സ്ഥിരപ്പെടുത്തിയതുമായ വനവിഭവങ്ങൾ അവയുടെ മുഴുവൻ വിലയും നിലവിലുള്ള നികുതികളും ഒടുക്കി ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തിയതി മുതൽ 30 ദിവസത്തിനകം സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേല തീയതിയ്ക്ക് മുൻപു തന്നെ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വന വിഭവങ്ങളുടെ അളവ്, ഗുണനിലവാരം മുതലായവ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ഇത് സംബന്ധിച്ച് ലേലത്തിനു ശേഷം യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല.

കോടതി ഉത്തരവ് പ്രകാരം ലേലം ചെയ്യുന്ന തൊണ്ടി വകകളുടെ മുഴുവൻ ലേല സംഖ്യയും നികുതികളും ലേല ദിവസം തന്നെ കെട്ടിവെയ്ക്കേണ്ടതാണ്.

ലേല ദിവസം ഒരു പൊതു അവധി ദിവസമായോ പൊതു പണിമുടക്കു ദിവസമായോ വരുന്ന പക്ഷം ലേലം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതാണ്.

**പട്ടിക**

**ലേലതീയതികൾ**

| റെയിഞ്ചിന്റെ പേര് | Jan. 2012 | Feb. 2012 | March 2012 | April 2012 | May 2012 | June 2012 | July 2012 | Aug. 2012 | Sep. 2012 | Oct .2012 | Nov 2012 | Dec. 2012 |
|---|---|---|---|---|---|---|---|---|---|---|---|---|
| പരിയാരം | 12 | 3 | 9 | 10 | 10 | 8 | 27 | 24 | 6 | 30 | 8 | 6 |
| പാലപ്പിള്ളി | 20 | 10 | 16 | 19 | 17 | 14 | 17 | 14 | 18 | 18 | 22 | 21 |
| വെള്ളിക്കുളങ്ങര | 27 | 16 | 20 | 25 | 25 | 27 | 6 | 7 | 26 | 11 | 15 | 28 |

ചാലക്കുടി,
19.11.2011.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ചാലക്കുടി ഡിവിഷൻ
(കേരള ഗവർണ്ണർക്കു വേണ്ടി)